## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2875 — 20.07.2011 ൽ മറുപടി നൽകേണ്ടിയിരുന്നത്

### കോഴിക്കോട് സ്റ്റീൽ കോംപ്ലക്സിന്റെ ഇപ്പോഴത്തെ അവസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് സ്റ്റീൽ കോംപ്ലക്സിന്റെ ഇപ്പോഴത്തെ സഞ്ചിത നഷ്ടം എത്രയാണ് ; | (എ) 31.3.2011 വരെയുള്ള സഞ്ചിതനഷ്ടം 13.46 കോടി രൂപയാണ്. |
| (ബി) സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുമായി ധാരണാപത്രം ഒപ്പിടുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച വിവിധ പരിപാടികൾക്ക് എത്ര ലക്ഷം രൂപ ചെലവായി; | (ബി) 25.82 ലക്ഷം രൂപ ചെലവായി. |
| (സി) സ്റ്റീൽ കോംപ്ലക്സിന്റെ അധീനതയിൽ ഉണ്ടായിരുന്ന പനമ്പിള്ളി നഗറിലെ 75 സെന്റും, വെന്നിയൂരിലെ സ്ഥലവും വിറ്റതിൽ നിന്ന് എത്ര രൂപ ലഭിച്ചു ; | (സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ് അടച്ചു തീർക്കാനുള്ള സെപ്റ്റംബർ 2008 വരെയുള്ള വൈദ്യുതി കുടിശ്ശിക സെറ്റിൽ ചെയ്യുന്നതിന് വേണ്ടി കൈമാറ്റം ചെയ്തതിനാൽ പണമായി യാതൊന്നും കമ്പനിയ്ക്ക് ലഭിച്ചിട്ടില്ല. |
| (ഡി) സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് സ്റ്റീൽ കോംപ്ലക്സ് പൂർണ്ണമായി ഏൽപ്പിച്ചുകൊടുക്കുന്നത് ആ സ്ഥാപനത്തിന്റെ ലാഭകരമായ പ്രവർത്തനത്തിന് കൂടുതൽ സഹായകരമാകുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (ഡി) ഉണ്ട്. സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ് (ഇപ്പോൾ സെയിൽ - എസ്.സി.എൽ കേരള ലിമിറ്റഡ്) പൂർണ്ണമായി ഏറ്റെടുക്കണമെന്ന ഒരു നിർദ്ദേശവും, കൂടാതെ ഓഹരി ഘടന 74% (സെയിൽ) 26% (സംസ്ഥാന സർക്കാർ) എന്ന രീതിയിൽ മാറ്റണമെന്ന മറ്റൊരു നിർദ്ദേശവും സെയിലിന് സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുണ്ട്. |

Manu

സെക്ഷൻ ഓഫീസർ